## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ റോഡുകൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2994

20.06.2014 ൽ മറുപടിക്ക്

ചോദ്യം.

ഉത്തരം.

| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരമേററ ശേഷം PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 40 റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്. (Phase VII Batch 2ൽ 10 റോഡ്, Phase 8–ൽ ഉൾപ്പെടുത്തി 28 റോഡ് കൂടാതെ Phase 8 Batch 2–ൽ ഉൾപ്പെടുത്തിയ 2 റോഡ്).<br><br>ഇതിൽ 6 റോഡുകളുടെ പണി പൂർത്തിയായി കഴിഞ്ഞു. 26 റോഡുകളുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. ഒരു പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം വിട്ടുകിട്ടാത്തതിനാൽ കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായില്ല. ബാക്കിയുള്ള 7 പ്രവൃത്തികളുടെ റീടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. |
| (ബി) | കൂടുതൽ റോഡുകൾ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ? | (ബി) | ഉണ്ട്.<br>PMGSY ഒന്നാം ഘട്ടം Phase 8 –ഓടുകൂടി അവസാനിച്ചിരിക്കുന്നു. പി.എം.ജി.എസ്. വൈ II ൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മാസ്റ്റർ പ്ലാനായ ജില്ലാതല ഗ്രാമീണ റോഡ് പ്ലാൻ തയ്യാറാക്കൽ നടപടി ജില്ലകളിൽ പുരോഗമിച്ച് വരികയാണ്. ടി പ്രക്രിയ പൂർത്തീകരിച്ചതിന് ശേഷം ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ